6. 90 ശതമാനം കേന്ദ്രസഹായത്തോടെയും 10 ശതമാനം ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കിവരുന്ന വർഷ പദ്ധതിയുടെ 537 മഴവെള്ള ശേഖരണ യൂണിറ്റുകൾ

7. ഗ്രാമങ്ങളിലും നഗരങ്ങളിലും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി എൽ.ഐ.സി./ഹഡ്കോ/ബാങ്ക് ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന 121 പദ്ധതികൾ

8. 10 ടെക്നോളജി മിഷൻ പദ്ധതികൾ

9. 90 ശതമാനം കേന്ദ്ര സഹായത്തോടെയും 10 ശതമാനം ഉപഭോക്തൃവിഹിതത്തോടെയും നടപ്പിലാക്കിവരുന്ന 200 സ്വജൽധാര പദ്ധതികൾ

10. ജെ.ബി.ഐ.സി. ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന 5 സബ് പ്രോജക്ടുകൾ ഉൾപ്പെടുന്ന ബൃഹത്തായ കേരള വാട്ടർ സപ്ലൈ പ്രോജക്ട്

11. നബാർഡിന്റെ 8 പുതിയ പദ്ധതികൾ

(ഡി) ധനലഭ്യതയുടെയും സ്ഥലലഭ്യതയുടെയും അടിസ്ഥാനത്തിൽ മേൽ പറഞ്ഞ പദ്ധതികൾ 2006-07-ഓടുകൂടി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഇ) മിതമായ തോതിലെങ്കിലും 2007-ഓടുകൂടി എല്ലാവർക്കും കുടിവെള്ളമെത്തിക്കാൻ ലക്ഷ്യമിട്ടാണ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നത്.

വരൾച്ച നേരിടാൻ ദീർഘകാല പദ്ധതി

177 [1851] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടർച്ചയായുണ്ടാകുന്ന വരൾച്ച ഒഴിവാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും ദീർഘകാല പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് നേരിട്ടുകൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് ഇപ്പോൾ പ്രാമുഖ്യം നൽകി ആവിഷ്ക്കരിച്ചിട്ടുള്ളത് മഴവെള്ള സംഭരണ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളാണ്. ബഹുജന പങ്കാളിത്തത്തോടെ മഴവെള്ള സംഭരണ പദ്ധതികൾ ആവിഷ്ക്കരിക്കാനും വ്യാപിപ്പിക്കാനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു. ജലവിഭവ വകുപ്പ് ഇതിനായി 335 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ആക്ഷൻ പ്ലാനിന് രൂപം നൽകി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മഴവെള്ള സംഭരണ പദ്ധതി പ്രവർത്തനങ്ങൾക്കായി റവന്യൂ വകുപ്പ് ലാന്റ് യൂസ് കമ്മീഷണർക്ക് 20 ലക്ഷം രൂപ അനുവദിക്കുകയും എല്ലാ ഗവൺമെന്റ് സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മഴവെള്ള സംഭരണ സംവിധാനം ഏർപ്പെടുത്താൻ അനുവാദം നൽകുകയും ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പ് വരൾച്ച നേരിടുന്നതിനായി ദീർഘകാല ഉപയോഗത്തിനുതകുന്ന കുഴൽക്കിണർ നിർമ്മാണ പദ്ധതികളും ഭൂഗർഭജല പരിരക്ഷയ്ക്കും ആർട്ടിഫിഷ്യൽ റീച്ചാർജ്ജിംഗിനും വേണ്ടിയുള്ള പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. കേരള വാട്ടർ അതോറിറ്റി ഈ ലക്ഷ്യം വച്ച് മഴവെള്ള സംഭരണ പദ്ധതികളും തടയണ നിർമ്മാണ പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നു.

കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്താൻ പദ്ധതി

178 [1855] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിലെ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടി വരൾച്ച ദുരിതാശ്വാസ ഫണ്ട് ഉപയോഗപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് ഈ വർഷം ഏറ്റെടുത്തിട്ടുള്ളത്; വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ—സി) വരൾച്ചാ ദുരിതാശ്വാസ ഫണ്ടുപയോഗപ്പെടുത്തി 33 പ്രവൃത്തികളാണ് ഈ വർഷം ഏറ്റെടുത്തിട്ടുള്ളത്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly